വള്ളംകളിയുടെ അകമ്പടിയോട് കൊണ്ടുവന്ന് ചമ്പക്കുളത്തെ ഒരു ക്രൈസ്തവ തറവാട്ടിൽ വയ്ക്കുകയും; തുടർന്ന് വള്ളങ്ങളുടെ അകമ്പടിയോടെ അമ്പലപ്പുഴയിൽ എത്തിക്കുകയും ചെയ്തു. അതിന്റെ ഓർമ്മയ്ക്കായി ഇപ്പോഴും വള്ളംകളി നടന്നുവരികയാണ്. മിഥുന മാസത്തിലെ മൂലം നാളിലാണ് ഇത് നടക്കുന്നത്. അവിടെ ഒരു പവലിയൻ ഇപ്പോഴും ഇല്ല. ഈ അടുത്തകാലത്ത് വള്ളംകളി ആരംഭിച്ച സ്ഥലങ്ങളിലൊക്കെ പവലിയനുണ്ട്. കഴിഞ്ഞ തവണ ഇവിടെ വിശിഷ്ടാതിഥിയായി വന്ന അന്നത്തെ ടൂറിസം വകുപ്പുമന്ത്രി പവലിയൻ നിർമ്മാണത്തിന് പത്തു ലക്ഷം രൂപ നൽകാമെന്ന് പരസ്യമായി പ്രഖ്യാപിക്കുകയും ചെയ്തു. എന്നാൽ തുടർനടപടികളൊന്നുമായിട്ടില്ല. അതുകൊണ്ട്, ഇപ്പോഴത്തെ ടൂറിസം വകുപ്പുമന്ത്രി, അദ്ദേഹത്തിന് അത് അറിയാവുന്ന കാര്യമാണ്, ചമ്പക്കുളം വള്ളംകളിയുടെ ഫിനിഷിംഗ് പോയിന്റിൽ ഒരു പവലിയനും ഗ്യാലറിയും പണിയാനാവശ്യമായ പണം അനുവദിക്കണമെന്നും; ആലപ്പുഴ ഡി. ടി. പി. സി. യെക്കൊണ്ട് അത് പണിയിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി *(ശ്രീ. കെ. സി. വേണുഗോപാൽ)*: സർ, കേരളത്തിലെ നെഹ്റു ട്രോഫി വള്ളംകളി കഴിഞ്ഞാൽ ഏറ്റവും പ്രശസ്തമായ ചമ്പക്കുളം മൂലംവള്ളംകളിയെ ടൂറിസം വകുപ്പ് ധനസഹായം നൽകി പ്രോൽസാഹിപ്പിക്കുന്നുണ്ട്. ഈ സഹായം വരും വർഷങ്ങളിൽ നൽകാനും ഈ ഉൽസവത്തെ ടൂറിസം വകുപ്പിന്റെ ഒരു പ്രധാനപ്പെട്ട പരിപാടിയായി പരിഗണിച്ച് പ്രോൽസാഹിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്. ടൂറിസം വകുപ്പിന്റെ പ്രസിദ്ധീകരണങ്ങളിൽ ഈ വള്ളംകളിയെക്കുറിച്ചുള്ള വിശദാംശങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ചമ്പക്കുളം മൂലംവള്ളംകളിയുടെ ഫിനിഷിംഗ് പോയിന്റിൽ ഒരു സ്ഥിരം പവലിയൻ നിർമ്മിക്കുന്നതിനെപ്പറ്റിയുള്ള ഒരു പദ്ധതി ഇപ്പോൾ ഗവൺമെൻറിന്റെ പരിഗണനയിൽ ഇല്ല. എന്നിരുന്നാലും ബഹുമാനപ്പെട്ട എം. എൽ. എ. യുടെ സബ്മിഷനിൽ ആവശ്യപ്പെട്ടിരിക്കുന്നതു പ്രകാരം സ്ഥിരം പവലിയന്റേയും ഗ്യാലറിയുടേയും വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കാൻ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആ പ്രോജക്ട് റിപ്പോർട്ട് ലഭിച്ച ഉടൻ ഗവൺമെന്റ് ഇക്കാര്യത്തിൽ അന്തിമമായ അനുകൂല തീരുമാനമെടുക്കുമെന്നാണ് എനിക്ക് പറയാനുള്ളത്.

(3) മദ്യനയം പുനഃപരിശോധിക്കണമെന്ന ആവശ്യം

ശ്രീ. ബിനോയ് വിശ്വം: സർ, സർക്കാർ പുതുതായി പ്രഖ്യാപിച്ച മദ്യനയം കേരളത്തിന് മൊത്തം വിനാശകരമാണ്. സംസ്ഥാനത്തെ മുഴുവൻ ജനങ്ങളേയും

LIBRARY ARCHIVES Kerala Legislative Assembly

Page 1

മദ്യ ലോബിയുടെ മുമ്പിൽ അടിയറവയ്ക്കാൻ ലക്ഷ്യമുള്ള ഒന്നാണെന്ന് ഞാൻ ആരോപിക്കുന്നു. ആ മദ്യനയത്തിന്റെ പുറകിലുള്ള മുദ്രാവാക്യം മദ്യ രാജാക്കന്മാരേ ഇതിലേ, ഇതിലേ എന്നുമാത്രമാണെന്ന് എല്ലാവർക്കും അറിയാം. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായങ്ങളിലൊന്നായ കള്ളു ചെത്ത് വ്യവസായത്തെ ഈ നയം സമ്പൂർണ്ണമായി തകർക്കും. ത്രീ സ്റ്റാർ ഹോട്ടലുകളിലെല്ലാം ബിയർ വിൽപ്പന ആരംഭിക്കാൻ അനുമതി കൊടുത്തുകൊണ്ട് അതിന്റെ മറവിൽ എല്ലാ തലത്തിലുമുള്ള വിദേശ മദ്യവ്യാപാരത്തിന് വേണ്ടിയുള്ള വാതിലുകളെല്ലാം തുറന്നുവയ്ക്കുന്നു. അതുപോലെ തന്നെ പരീക്ഷണാർത്ഥം മസ്ക്കറ്റ് ഹോട്ടലിൽ ഒരു മൈക്രോ ബ്രൂവറി ആരംഭിക്കുന്നതുവഴി ബിയർ ഉൽപ്പാദിപ്പിക്കുന്ന രംഗത്തേയ്ക്ക് എല്ലാ വൻകിട ഹോട്ടലുടമകളേയും സ്വകാര്യ കൊള്ളലാഭക്കാരേയും ഈ ഗവൺമെന്റ് ക്ഷണിക്കുകയാണ്. അങ്ങനെ നോക്കിയാൽ കേരളത്തിന്റെ സാമൂഹ്യ അന്തസ്സിനേയും വെല്ലുവിളിച്ചുകൊണ്ടും കുടുംബ ബന്ധങ്ങളെ ശിഥിലീകരിച്ചുകൊണ്ടും ഈ നാടിനെ മുഴുവൻ മദ്യ ഒഴുക്കിലേക്ക് തള്ളവിടുന്ന ആപൽക്കരമായ മദ്യനയം കേരളത്തിലും കർണ്ണാടകയിലും ഉള്ള മദ്യ പ്രഭുക്കൻമാർക്കുവേണ്ടിയുള്ള നയമാണെന്ന് പറയാൻ ഞാൻ മടിക്കുന്നില്ല. ഈ മദ്യനയത്തിന്റെ പുറകിലുള്ളത് മദ്യരാജാക്കന്മാരുടെ സ്വാധീനമാണെന്നു പറഞ്ഞാൽ മന്ത്രി സമ്മതിച്ചില്ലെങ്കിലും എല്ലാവർക്കും അറിയാം. ഡബ്ല്യു. എച്ച്. ഒ. റിപ്പോർട്ടിൽ പറയുന്നത് മൂന്നരക്കോടി ജനങ്ങൾ മൂന്നരക്കോടി കുപ്പി മദ്യം കുടിക്കുന്ന സംസ്ഥാനമായി കേരളം മാറിയെന്നാണ്. കഴിഞ്ഞ ഏപ്രിലിനും ഡിസംബറിനുമിടയിൽ വിറ്റഴിച്ചത് 13 കോടി കുപ്പി മദ്യമാണ്.

മി. സ്പീക്കർ: ഇത്രയും വിശദാംശം വേണ്ട. ഇത് സബ്മിഷനാണ്.

ശ്രീ. ബിനോയ് വിശ്വം: ഔദ്യോഗികമായും അനൗദ്യോഗികമായും മദ്യ വ്യാപനത്തെ ലക്ഷ്യമാക്കിയ ഈ നയം ഘട്ടംഘട്ടമായി നടപ്പാക്കുമെന്നു പറയുന്ന യു. ഡി. എഫ്. ഉദയഭാനു കമ്മീഷനേയും മദ്യനയത്തേയും വെല്ലു വിളിക്കുകയാണ്. ഈ നയം അടിയന്തിരമായി പുനഃപരിശോധിക്കണമെന്ന് ഞാൻ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം ബി. പുരുഷോത്തമൻ):* സർ, സബ്മിഷൻ രണ്ടുമൂന്ന് സെന്റൻസുകളിൽ ഉന്നയിക്കുകയും മറുപടി പറയുകയും ചെയ്യണമെന്നതാണ് എന്റെ ആഗ്രഹം.

മി. സ്പീക്കർ: എന്റേയും ആഗ്രഹം അതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വക്കം പുരുഷോത്തമൻ: അദ്ദേഹം ഉന്നയിച്ച സ്ഥിതിക്ക് മറുപടി പറയാതിരിക്കാൻ നിർവ്വാഹമില്ല. ഏത് നയമാണ് മദ്യലോബിയുടെ മുമ്പിൽ അടിയറ വയ്ക്കുന്നത് എന്നുപറയണം. നിലവിലുള്ള നിയമമനുസരിച്ച് കേരളത്തിലെ ത്രീ സ്റ്റാർ ഹോട്ടലുകൾക്കെല്ലാം ഇപ്പോൾ ബാർ ലൈസൻസ് കൊടുക്കാം. അവർക്ക് അതിന് അർഹതയുണ്ട്. അത് അവരുടെ റൈറ്റാണ്. പക്ഷേ ബിയർ കൊടുക്കാനുള്ള പ്രൊവിഷനില്ല. ആൾക്കഹോൾ കണ്ടന്റ് കൂടുതലുള്ള മദ്യം കുടിക്കാതിരിക്കാൻ വേണ്ടിയാണ് അങ്ങനെ ചെയ്യുന്നത്. കുറച്ച് വിവരമുള്ള ആളുകളാണ് എം.എൽ.എ.മാർ എന്നുള്ള ധാരണയിലാണ് ഞാൻ മറുപടി പറയുന്നത്. വീര്യം കൂടിയത് കൊടുക്കേണ്ട, വൈൻ ആരോഗ്യത്തിന് നല്ലതാണെന്ന് ഡോക്ടർമാരും പറയുന്നു. അതിൽ ആൽക്കഹോളിക് കണ്ടന്റ് വളരെ കുറവാണ്. അതുകൊണ്ട് ഇത് കൊടുക്കണം എന്നുള്ളതാണ്. ഇത് ഏത് മദ്യലോബിയെയാണ് സഹായിക്കുന്നത്? മറ്റൊന്ന് micro brewery ഇത് എല്ലാ സ്ഥലത്തും ഉള്ളതാണ്. പബ്ലിക് അണ്ടർടേക്കിംഗ് ആയ മസ്ക്കറ്റ് ഹോട്ടലിൽ മാത്രമാണ് ഇത് പ്രൂവ് ചെയ്തത്. നിങ്ങളെല്ലാം നിരന്തരമായി എല്ലാ മൂലയിലും കള്ള്ഷാപ്പ് കൊടുക്കണമെന്നു പറഞ്ഞിട്ടുപോലും ഞാൻ കൊടുത്തില്ല. ഇവിടെ മുഴുവൻ കള്ള് ഒഴുക്കാൻവേണ്ടി എല്ലാ സ്ഥലത്തും കൊടുക്കണം, 5600 മദ്യഷാപ്പ് ഉണ്ടായിരുന്നു മുഴുവൻ കൊടുക്കണമെന്ന് ശ്രീ. വിശ്വനും അദ്ദേഹത്തിന്റെ ആൾക്കാരും പറഞ്ഞിട്ട് ഞാൻ സമ്മതിച്ചില്ല. നാലായിരം കള്ള് ഷാപ്പ് ഉള്ളതിൽ ഒരു ഷാപ്പുപോലും പൂട്ടാൻ ഞാൻ സമ്മതിച്ചില്ല. വീര്യം കൂടിയ മദ്യത്തിനു പകരം വീര്യം കുറഞ്ഞ മദ്യം കൊടുക്കണമെന്ന ഉദയഭാനു കമ്മീഷന്റെ റിപ്പോർട്ട് ഘട്ടം ഘട്ടമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അതാണ് ബാർ ലൈസൻസിന് പകരം വൈൻ കൊടുക്കാം എന്നു പറഞ്ഞത്. ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ആരോടും ഒരു കടപ്പാടുമില്ല. ഒരു മദ്യ ലോബിയേയും സഹായിക്കുന്നില്ല. അവരെ ആരേയും അടുപ്പിക്കുന്ന പ്രശ്നമില്ല എന്നു മാത്രമാണ് പറയാനുള്ളത്.

(4) നേമത്തെ ശ്രീവിദ്യാധിരാജാ ഹോമിയോ കോളേജിലെ ജീവനക്കാർക്ക് ശമ്പളം നൽകണമെന്ന ആവശ്യം

ശ്രീ. എം. മുരളി: സർ, കേരളത്തിലെ മൂന്ന് സഹകാര്യ ഹോമിയോ കോളേജുകളും എയ്ഡഡ് കോളേജുകളാക്കാൻ 1995-ൽ സർക്കാർ തീരുമാനിച്ചു. കുറിച്ചി, ചോറ്റാനിക്കര, തിരുവനന്തപുരത്ത് നേമം എന്നിവിടങ്ങളിലെ മൂന്ന് കോളേജുകളാണ് എയ്ഡഡ് കോളേജുകളാക്കി മാറ്റാൻ തീരുമാനിച്ചത്. അതിലൊന്നായ നേമത്തെ ശ്രീവിദ്യാധിരാജാ ഹോമിയോ കോളേജ് കേരളാ യൂണിവേഴ്സിറ്റിയുടെ നിലപാട്

LIBRARY ARCHIVES Kerala Legislative Assembly